LIBRARY ARCHIVES Kerala Legislative Assembly

നോൺ ഗസറ്റഡ് തസ്തികകൾ

1. അസിസ്റ്റന്റ് സെക്രട്ടറി - 864
2. ജൂനിയർ സൂപ്രണ്ട് - 617
3. ഹെഡ് ക്ലാർക്ക് - 612
4. ഹെഡ് അക്കൗണ്ടന്റ് - 979
5. സീനിയർ ക്ലാർക്ക് - 3631
6. ക്ലാർക്ക് - 3632
7. ലൈബ്രേറിയൻ - 72
8. ഡ്രൈവർ - 201
9. ഹെൽത്ത് ഇൻസ്പെക്ടർ - 22
10. ടൈപ്പിസ്റ്റ് - 107
11. ഫെയർകോപ്പി സൂപ്രണ്ട് - 2
12. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 3
13. ലാസ്റ്റ് ഗ്രേഡ് - ഓഫീസ് അറ്റൻഡന്റ് - 1502

(ഡി) ഉണ്ട്. വകുപ്പിലെ വിശേഷാൽ ചട്ടങ്ങളുടെ ഭേദഗതിയുടെ ആദ്യപടിയായി വിവിധ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നു. പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച കരട് ഭേദഗതി വിശദമായി പരിശോധിച്ച് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിശോധനയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രൊമോഷൻ

261 (1633) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രൊമോഷൻ ഏറ്റവും അവസാനം എന്നാണ് നടന്നത് ;

(ബി) പ്രൊമോഷൻ നൽകാത്ത കാരണത്താൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു എന്നുള്ള വിവരം കാറ്റഗറി തിരിച്ച് അറിയിക്കുമോ ;

(സി) പ്രസ്തുത പ്രൊമോഷൻ സ്തംഭനാവസ്ഥയ്ക്ക് കാരണം വിശദമാക്കുമോ ;

(ഡി) ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 9-6-2015-ലാണ് പഞ്ചായത്ത് വകുപ്പിൽ ജീവനക്കാരുടെ പ്രൊമോഷൻ ഏറ്റവും അവസാനം നടന്നത്.

(ബി) പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ - 2

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ - 6

പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ - 7

സീനിയർ സൂപ്രണ്ട് - 14

പഞ്ചായത്ത് സെക്രട്ടറി - 214

(സി & ഡി) പഞ്ചായത്ത് വകുപ്പിൽ സീനിയോറിറ്റി പുനക്രമീകരിച്ചതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്തിരുന്ന ഒ.എ. 1002/2014, ഒ. എ. 1375/2014, ഒ.എ. 735/2014 (എറണാകുളം), റ്റി. എ. 171/2013 എന്നീ ഹർജികൾ തീർപ്പാക്കി 6-3-2015-ൽ ഉത്തരവായിരുന്നു. ടി ഉത്തരവിൽ പഞ്ചായത്ത് വകുപ്പിലെ സീനിയോറിറ്റിയുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും, സീനിയോരിറ്റി/ഗ്രഡേഷൻ പട്ടികയും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദ് ചെയ്യുകയും 1-1-1990 വരെയുള്ള ഒന്നാം ഗ്രേഡ് എക്സ്ക്യൂട്ടീവ് ഓഫീസർമാരുടെ പുതുക്കിയ സീനിയോരിറ്റി പട്ടിക തയ്യാറാക്കാനും ഉത്തരവായി. ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഒ.പി. (അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ)യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിവരെയുള്ള തസ്തികകളിൽ താൽക്കാലിക സ്ഥാനക്കയറ്റം അനുവദിക്കാൻ 15-5-2015-ൽ ഉത്തരവായിട്ടുണ്ട്.

മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി

262 (T 1634) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ മാതൃകാ അംഗനവാടി സ്ഥാപിക്കുന്നതിനും ചുനക്കര ഗ്രാമപഞ്ചായത്ത്, പഞ്ചായത്തതിർത്തിക്കുള്ളിലെ പുറമ്പോക്ക് സ്ഥലം ലഭ്യമാക്കുന്നതിനും അനുമതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly